എ.വൈ.ആർ

സൂറ-11

# ഹൂദ്

وَلَمَّا جَآءَ أَمْرُنَا نَجَّيْنَا شُعَيْبًا وَٱلَّذِينَ ءَامَنُوا۟ مَعَهُۥ بِرَحْمَةٍ
مِّنَّا وَأَخَذَتِ ٱلَّذِينَ ظَلَمُوا۟ ٱلصَّيْحَةُ فَأَصْبَحُوا۟ فِى دِيَـٰرِهِمْ
جَـٰثِمِينَ ﴿٩٤﴾

94 നമ്മുടെ ശിക്ഷാവിധി ആസന്നമായപ്പോൾ ശുഐബിനെയും അദ്ദേഹത്തോടൊപ്പം സത്യവിശ്വാസികളായവരെയും നമ്മിൽ നിന്നുള്ള കാരുണ്യത്താൽ രക്ഷിച്ചു. അക്രമങ്ങളനുവർത്തിച്ചവരെ ഒരു ഘോരഗർജനം ബാധിച്ചു. അതോടെ അവർ സ്വവസതികളിൽ നിശ്ചേഷ്ടരായി വീണടിഞ്ഞു പോയി;

كَأَن لَّمْ يَغْنَوْا۟ فِيهَآ ۗ أَلَا بُعْدًا لِّمَدْيَنَ كَمَا بَعِدَتْ ثَمُودُ ﴿٩٥﴾

95 നേരത്തെ അവരാനാട്ടിൽ പാർത്തിട്ടേയില്ലാത്തവണ്ണം. അറിയുക, സമൂദ് ഗോത്രം തൂത്തെറിയപ്പെട്ടതുപോലെ മിദ്യാനികളും തൂത്തെറിയപ്പെട്ടു.

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَـٰتِنَا وَسُلْطَـٰنٍ مُّبِينٍ ﴿٩٦﴾

96 മൂസായെ നാം ദൃഷ്ടാന്തങ്ങളും സുവ്യക്തമായ പ്രമാണങ്ങളുമായി അയച്ചിട്ടുണ്ടായിരുന്നു.

إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ فَٱتَّبَعُوٓا۟ أَمْرَ فِرْعَوْنَ ۖ وَمَآ أَمْرُ فِرْعَوْنَ بِرَشِيدٍ ﴿٩٧﴾

97 ഫറവോനെയും അവന്റെ നാട്ടു മൂപ്പന്മാരെയും പ്രബോധനം ചെയ്യാൻ. പക്ഷെ, അവർ പിന്തുടർന്നത് ഫറവോന്റെ കൽപനയായിരുന്നു. ഫറവോന്റെ കൽപനയോ, സന്മാർഗികമായിരുന്നില്ല.

يَقْدُمُ قَوْمَهُۥ يَوْمَ ٱلْقِيَـٰمَةِ فَأَوْرَدَهُمُ ٱلنَّارَ ۖ وَبِئْسَ ٱلْوِرْدُ ٱلْمَوْرُودُ ﴿٩٨﴾

98 ഉയിർത്തെഴുന്നേൽപുനാളിൽ അവൻ ജനത്തെ നയിക്കുന്നു. എന്നിട്ടവരെ നരകക്കുണ്ടിലിറക്കിവിട്ടു. എത്ര ദുഷ്ടമായ കടവിലാണവർ ചെന്നിറങ്ങിയത്!

وَأُتۡبِعُواْ فِي هَٰذِهِۦ لَعۡنَةٗ وَيَوۡمَ ٱلۡقِيَٰمَةِۚ بِئۡسَ ٱلرِّفۡدُ ٱلۡمَرۡفُودُ ﴿٩٩﴾

**99** ഈ ലോകത്തും പരലോകത്തും അവര്‍ക്കു ലഭിച്ചത് ശാപമാകുന്നു. എത്ര ദുഷ്ടമാണവര്‍ക്ക് ലഭിച്ച സമ്മാനം!

ذَٰلِكَ مِنۡ أَنۢبَآءِ ٱلۡقُرَىٰ نَقُصُّهُۥ عَلَيۡكَۖ مِنۡهَا قَآئِمٞ وَحَصِيدٞ ﴿١٠٠﴾

**100** കുറെ നാടുകളുടെ കഥകളാണിത്. നാം അതു നിനക്ക് പറഞ്ഞുതരികയാകുന്നു. ആ നാടുകളില്‍ ചിലത് ഇന്നും നിലനില്‍ക്കുന്നുണ്ട്. ചിലത് സമ്പൂര്‍ണമായി നശിച്ചുപോയിരിക്കുന്നു.

وَلَمَّا جَآءَ= വന്ന(ആസന്നമായ)പ്പോള്‍ أَمۡرُنَا= നമ്മുടെ (ശിക്ഷാ) വിധി نَجَّيۡنَا= നാം രക്ഷിച്ചു

شُعَيۡبٗا= ശുഐബിനെ وَٱلَّذِينَ ءَامَنُواْ مَعَهُۥ= അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും

بِرَحۡمَةٖ مِّنَّا= നമ്മില്‍നിന്നുള്ള കാരുണ്യത്താല്‍ وَأَخَذَتِ= പിടികൂടി, ബാധിച്ചു

ٱلَّذِينَ ظَلَمُواْ= അക്രമമനുവര്‍ത്തിച്ചവരെ ٱلصَّيۡحَةُ= ഒരു (ഘോര)ഗര്‍ജനം

فَأَصۡبَحُواْ= അപ്പോള്‍ (അതോടെ) അവര്‍ ആയിത്തീര്‍ന്നു (അടിഞ്ഞുപോയി)

فِي دِيَٰرِهِمۡ= അവരുടെ (സ്വ)വസതികളില്‍ جَٰثِمِينَ= നിശ്ചേഷ്ടരായി വീ(ണു)ണവര്‍, ചത്തുവീണവര്‍

كَأَن لَّمۡ يَغۡنَوۡاْ= അവര്‍ പാര്‍ത്തിട്ടില്ലാത്തവണ്ണം فِيهَآ= അതില്‍, ആ വീ(നാ)ട്ടില്‍ أَلَا= അറിയുവിന്‍

بُعۡدٗا لِّمَدۡيَنَ= (മിദ്യാനികള്‍ തൂത്തെറിയപ്പെട്ടു) മദ്യനികള്‍ക്ക് നാശം

كَمَا بَعِدَتۡ= തൂത്തെറിയപ്പെട്ടതുപോലെ ثَمُودُ= സമൂദ് ഗോത്രം

وَلَقَدۡ أَرۡسَلۡنَا مُوسَىٰ= മൂസായെ നാം അയച്ചിട്ടുണ്ടായിരുന്നു بِـَٔايَٰتِنَا= ദൃഷ്ടാന്തങ്ങളുമായി

وَسُلۡطَٰنٖ مُّبِينٍ= (സുവ്യക്തമായ പ്രമാണങ്ങളു(മായി)

إِلَىٰ فِرۡعَوۡنَ وَمَلَإِيْهِۦ= ഫറവോ(നെയും)നിലേക്കും അവന്റെ നാട്ടു മൂപ്പന്മാ

(രെയും പ്രബോധനം ചെയ്യാന്‍)രിലേക്കും

فَٱتَّبَعُوٓاْ= പക്ഷെ, അവര്‍ പിന്തുടര്‍ന്നു(ര്‍ന്നത്) أَمۡرَ فِرۡعَوۡنَۖ= ഫറവോന്റെ കല്‍പനയെ(യായിരുന്നു)

وَمَآ أَمۡرُ فِرۡعَوۡنَ= ഫറവോന്റെ കല്‍പന(യോ) ആയിരുന്നില്ല بِرَشِيدٖ= സാന്മാര്‍ഗികം, വിവേകപൂര്‍ണം

يَقۡدُمُ= അവന്‍ മുമ്പില്‍ നടക്കും(നയിക്കും) قَوۡمَهُۥ= അവന്റെ ജനത്തെ

يَوۡمَ ٱلۡقِيَٰمَةِ= ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍

فَأَوۡرَدَهُمُ= അങ്ങനെ അവന്‍ അവരെ കൊണ്ടുവന്നു (ഇറക്കിവിട്ടു)

ٱلنَّارَۖ= നരകത്തി(ലക്കുണ്ടി)ല്‍ وَبِئۡسَ= എത്ര ദുഷ്ടമായത്

ٱلۡوِرۡدُ= വരവ്, ചെന്നിറങ്ങല്‍(അവര്‍ ചെങ്ങിറങ്ങിയത്)

ٱلۡمَوۡرُودُ= ഇറങ്ങുന്ന സ്ഥലം, ലക്ഷ്യസ്ഥാനം (കടവ്)

وَأُتۡبِعُواْ= അവര്‍ പിന്തുടര്‍ത്തപ്പെട്ടു (അവര്‍ക്ക് ലഭിച്ചത്)

فِي هَٰذِهِۦ= ഇതില്‍ (ഈ ലോകത്ത്) لَعۡنَةٗ= ശാപ(മാകുന്നു)ത്തെ

وَيَوْمَ ٱلْقِيَـٰمَةِ= ഉയിർത്തെഴുന്നേൽപുനാളിലും بِئْسَ= എത്ര ദുഷ്ടമാണ്

ٱلرِّفْدُ= സമ്മാനം ٱلْمَرْفُودُ= (അവർക്കു ലഭിച്ച) സമ്മാനിക്കപ്പെട്ടത് ذَٰلِكَ= അ(ഇ)ത്

مِنْ أَنۢبَآءِ ٱلْقُرَىٰ= കുറെ നാടുകളുടെ വർത്തമാനത്തി(കഥകൾ)ൽ പെട്ടതാകുന്നു

نَقُصُّهُۥ= നാം അത് പറഞ്ഞുതരുന്നു عَلَيْكَ= നിനക്ക് مِنْهَا= അവയിൽ ചിലത്

قَآئِمٌ= (ഇന്നും) നിലനിൽക്കുന്നുണ്ട്

وَحَصِيدٌ= (ചിലത്) കൊയ്തെടുക്കപ്പെട്ടതും ആകുന്നു (സമ്പൂർണമായി നശിച്ചുപോയിരിക്കുന്നു)

**94,95:** ഈ സൂക്തങ്ങൾ അവതരിപ്പിക്കുന്ന ആശയം നേരത്തെ ഈ സൂറയിലെ 66–67 സൂക്തങ്ങളിൽ ഏറക്കുറെ ഇതേ പദങ്ങളിൽ തന്നെ വന്നിട്ടുണ്ട്. വിശദീകരണം *ഖുർആൻബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

**96,97:** ഇതുവരെ പറഞ്ഞ പ്രവാചകന്മാരുടെ കഥകളുടെ സംഗ്രഹം തൊട്ടു മുൻപുള്ള സൂറ *യൂനുസി*ൽ പരാമർശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ മൂസാ(അ)യുടെ ചരിത്രം അതിൽ സാമാന്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കഴിഞ്ഞ സൂറയിൽ ചുരുക്കിപ്പറഞ്ഞ പ്രവാചക കഥകൾ കുറെകൂടി വിസ്തരിച്ചവതരിപ്പിക്കുകയായിരുന്നു ഈ സൂറയിൽ. ഈ സൂക്തങ്ങളിൽ, കഴിഞ്ഞ സൂറ വിസ്തരിച്ചവതരിപ്പിച്ച മൂസാ–ഫറവോൻ ചരിത്രം സംഗ്രഹിച്ചനുസ്മരിപ്പിക്കുകയാണ്. ഈയടിസ്ഥാനത്തിൽ ഈ രണ്ടു സൂറകൾ പരസ്പര പൂരകങ്ങളാണ്.

ഈ സൂക്തത്തിലെ നമ്മുടെ ദൃഷ്ടാന്തങ്ങളും സുവ്യക്തമായ പ്രമാണങ്ങളും بِـَٔايَـٰتِنَا وَسُلْطَـٰنٍ مُّبِينٍ എന്ന വാക്കിലെ ദൃഷ്ടാന്തങ്ങൾ –آيات– കൊണ്ടുദ്ദേശ്യം മൂസാ(അ) തന്റെ പ്രവാചകത്വത്തിന്റെ തെളിവായി പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതങ്ങളാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ സുവ്യക്തമായ പ്രമാണം രണ്ടു വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളതിനെ കീഴ്പ്പെടുത്താൻ അല്ലെങ്കിൽ അതിജയിച്ചുനിൽക്കാൻ ശക്തിയും അധികാരവുമുള്ളതാണ് سلطان. പൗരന്മാരെ നിയന്ത്രിക്കുന്ന രാജാവ് سلطان ആകുന്നു. എതിർ വാദങ്ങളെ ഖണ്ഡിച്ച് പ്രതിയോഗികളെ ഉത്തരം മുട്ടിക്കുന്നത് എന്ന അർഥത്തിൽ തെളിവുകളെയും ന്യായങ്ങളെയും سلطان എന്നു വിളിക്കും. എല്ലാ ചട്ടങ്ങൾക്കും നിയമങ്ങൾക്കും ആധാരമായിട്ടുള്ള ധർമശാസനം എന്ന അടിസ്ഥാനത്തിൽ ദൈവിക ശാസനങ്ങളും سلطان ആകുന്നു. മൂസാ നബി(അ)ക്ക് അല്ലാഹുവിങ്കൽനിന്നു ലഭിച്ച തൗറാത്ത് എന്ന വേദമാണ് ഇവിടെ سلطان കൊണ്ട് വിവക്ഷയെന്നാണ് ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്.

രണ്ടാമത്തെ വ്യാഖ്യാനം ഇപ്രകാരമാകുന്നു. മൂസാ(അ) അവതരിപ്പിച്ച എല്ലാ അമാനുഷിക ദൃഷ്ടാന്തങ്ങളെയും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് آياتنا എന്ന പദപ്രയോഗം. അക്കൂട്ടത്തിൽ ഫറവോന്റെ മുമ്പിൽ തന്റെ മികവും മേൽക്കൈയും സ്ഥാപിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതമാണ് سُلْطَـٰنٍ مُّبِينٍ. ഫറവോൻ വിളിച്ചുകൂട്ടിയ ആഭിചാരകന്മാരുടെ മന്ത്രച്ചരടുകളും ദണ്ഡുകളും മൂസാ(അ)യുടെ കൈയിലുണ്ടായിരുന്ന വടി ഒരു സർപ്പമായി രൂപാന്തരപ്പെട്ട് വിഴുങ്ങിക്കളഞ്ഞതാണ് അതുകൊണ്ടുദ്ദേശ്യം. ദൃഷ്ടാന്തങ്ങളെ പൊതുവായി പരാമർശിച്ച ശേഷം سُلْطَـٰنٍ مُّبِينٍ എന്ന വാക്കിലൂടെ അതിൽ പ്രധാനപ്പെട്ടതിനെ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുകയാണ്. ഫറവോന്റെ വാദങ്ങൾക്കും നിലപാടുകൾക്കും മീതെ മൂസാ(അ)യുടെ സന്ദേശവും നിലപാടും വ്യക്തമായ ആധിപത്യം നേടിയ സംഭവം എന്ന നിലക്കാണത് سُلْطَـٰنٍ مُّبِينٍ ആകുന്നത്. മൂസാ(അ) ഫറവോനെയും പ്രഭൃതികളെയും പ്രബോധനം ചെയ്യുന്ന കാലത്ത് തൗറാത്ത് അവതരിപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല എന്നകാര്യം ഈ വ്യാഖ്യാനത്തെ പ്രബലമാക്കുന്നു. ഈജിപ്ത് വിട്ടശേഷം സീനായിൽ വെച്ചാണല്ലോ അദ്ദേഹത്തിന് തൗറാത്ത് ലഭിച്ചത്.

ഫറവോൻ ചക്രവർത്തിയെയും ഈജിപ്തിലെ പ്രമാണിമാരെയും പ്രബോധനം ചെയ്യാനാണ് മൂസാ(അ) നിയുക്തനായത് എന്നാണ് ഇവിടെ പറയുന്നത്. മിക്ക പ്രവാചകന്മാരെയും ആദ്യം അംഗീകരിച്ചിട്ടുള്ളതും അനുധാവനം ചെയ്തിട്ടുള്ളതും പാവങ്ങളും സാധാരണക്കാരുമാണ്. എങ്കിലും പല പ്രവാചകന്മാരും ആദ്യം സമീപിച്ചിരുന്നത് സമൂഹത്തിൽ ശക്തിയും സ്വാധീനവുമുള്ളവരെയായിരുന്നുവെന്ന് പ്രവാചകന്മാരെ എതിർത്തുകൊണ്ട് ആദ്യം മുന്നോട്ടുവന്നിരുന്നത് വരേണ്യവർഗമായിരുന്നു

എന്നതിൽനിന്നു മനസ്സിലാക്കാം. മൂസാ(അ) ഇസ്രാഈല്യനാണ്. ഇസ്രാഈല്യരെ ഫറവോന്റെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചതാണ് അദ്ദേഹം നിർവഹിച്ച ചരിത്രപ്രധാനമായ ദൗത്യം. എന്നിട്ടും മൂസാ(അ)യെ അടിമകളും അവശവിഭാഗവുമായിത്തീർന്ന ഇസ്രാഈല്യരിലേക്ക് അയച്ചുവെന്നോ അവരെ മോചിപ്പിക്കാൻ അയച്ചുവെന്നോ പറയാതെ ഫറവോനിലേക്കും അവന്റെ നാട്ടുപ്രമാണിമാരിലേക്കും അയച്ചു എന്ന് പറയുന്നത് ഏറെ ശ്രദ്ധേയമാകുന്നു. ملأ എന്ന മൂലപദത്തിന്റെ അർഥം നേരത്തെ വിശദീകരിച്ചിരിക്കുന്നു. ഭരണകൂടത്തിൽ സ്വാധീനമുള്ള സമ്പന്നവർഗമാണ് ഇവിടെ അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. സർക്കാറും വരേണ്യവർഗവും അംഗീകരിക്കുന്ന ആദർശം സാമാന്യജനം അനായാസം പിന്തുടർന്നുകൊള്ളും. വരേണ്യവംശം തിരസ്കരിക്കുന്ന ആദർശം സമൂഹത്തിൽ വേരുപിടിക്കാൻ പ്രയാസകരമാണ്. സാധാരണക്കാർ അംഗീകരിച്ചാൽ തന്നെ അവർക്ക് വരേണ്യവിഭാഗത്തിൽനിന്ന് പീഢനങ്ങൾ നേരിടേണ്ടിവരും. ആദർശങ്ങൾ സത്യമാണെന്ന് ജനങ്ങളെക്കൊണ്ട് സമ്മതിപ്പിക്കുക മാത്രമല്ല പ്രവാചകന്മാരുടെ ദൗത്യം; പ്രബോധനം ചെയ്യപ്പെടുന്ന ആദർശം സമൂഹത്തിൽ പ്രയോഗവൽകരിക്കുക കൂടിയാണ്. സാമൂഹിക വ്യവസ്ഥയുടെ തന്നെ മാറ്റത്തെയാണത് ലക്ഷ്യം വെക്കുന്നത്. ഭരണകൂടവും ഭരണവർഗവും തള്ളിക്കളയുന്ന ആദർശത്തിന് അത്തരം ഒരു മാറ്റമുണ്ടാക്കുക അസാധ്യമാകുന്നു. നിലവിലുള്ള വ്യവസ്ഥിതിയിൽ മാറ്റമുണ്ടാവാൻ ആദ്യം ആ വ്യവസ്ഥിതിയുടെ ചാലകശക്തികളിൽ മാറ്റമുണ്ടാവണം. ഈയർഥത്തിലാണ് പ്രവാചകന്മാർ ആദ്യം രാജാക്കന്മാരിലേക്കും ഭരണവർഗത്തിലേക്കും നിയോഗിക്കപ്പെടുന്നത്.

സ്വേഛാധിപതികളായ രാജാക്കന്മാരും ഭരണത്തലവന്മാരും പ്രവാചകന്മാരെ അംഗീകരിക്കാൻ കൂട്ടാക്കാറില്ല. അവരുടെ സ്വേഛാധിപത്യ-ഭൗതിക താൽപര്യങ്ങളും പ്രവാചകന്മാർ മുന്നോട്ടുവെക്കുന്ന ആദർശവും ഒത്തുപോവുകയില്ല എന്നതുതന്നെ കാരണം. അത്തരം ഭരണാധികാരികളുടെ കൂട്ടത്തിലായിരുന്നു ഫറവോൻ. തനിക്കുമീതെ ഒരു വിധാതാവുണ്ടെന്ന് അയാൾ സമ്മതിച്ചില്ല. മൂസാ(അ) ചെന്നപ്പോൾ അയാൾ فَكَذَّبَ وَعَصَىٰ തള്ളിപ്പറയുകയും ധിക്കരിക്കുകയും ചെയ്തു. فَقَالَ أَنَا رَبُّكُمُ ٱلْأَعْلَىٰ ഞാൻ തന്നെയാണ് നിങ്ങളുടെ അത്യുന്നത വിധാതാവ് എന്ന് ഘോഷിച്ചു" (79:21,24). ജനങ്ങളെ പരസ്പരം ഭിന്നിപ്പിക്കുന്നതും പീഡിപ്പിക്കുന്നതും ചൂഷണം ചെയ്യുന്നതുമായിരുന്നു അയാൾ നയിച്ച വ്യവസ്ഥിതി.

إِنَّ فِرْعَوْنَ عَلَا فِى ٱلْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَآئِفَةً مِّنْهُمْ

يُذَبِّحُ أَبْنَآءَهُمْ وَيَسْتَحْىِۦ نِسَآءَهُمْ ۚ إِنَّهُۥ كَانَ مِنَ ٱلْمُفْسِدِينَ ﴿٤﴾

(ഫറവോൻ നാട്ടിൽ ഗർവിഷ്ഠനായി വാണു. നാട്ടുകാരെ പല കക്ഷികളായി വിഭജിക്കുകയും അതിലൊരു കക്ഷിയെ അടിച്ചമർത്തുകയും ചെയ്തു. അവരിലെ ആൺസന്തതികളെ കൊന്നുകളയുകയും പെൺമക്കളെ മാത്രം ജീവിക്കാനനുവദിക്കുകയും ചെയ്തു. തീർച്ചയായും അവൻ നാശകാരികളിൽ പെട്ടവൻ തന്നെയായിരുന്നു – 28:4).

ഭണകൂടത്തിൽ സ്വാധീനമുള്ള വരേണ്യവർഗങ്ങൾ പൊതുവിൽ നിലകൊള്ളുക അവരുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന വ്യവസ്ഥിതിയെ നിലനിർത്താനാണ്. വരേണ്യവർഗത്തിന് യഹൂദവർഗത്തെ അടിമകളാക്കി കൊടുത്തതും ദുർബല വിഭാഗങ്ങളെ ചൂഷണം ചെയ്ത് തടിച്ചു കൊഴുക്കാൻ സൗകര്യം ചെയ്തുകൊടുത്തതും ഫറവോന്റെ വ്യവസ്ഥിതിയാണ്. അതുകൊണ്ട് ഈജിപ്തിലെ വരേണ്യവിഭാഗം മൂസായുടെ സന്ദേശം തള്ളിക്കളയുകയും ഫറവോന്റെ ശാസനകളനുസരിക്കുകയും ചെയ്തു. ഫറവോന്റെ വ്യവസ്ഥിതി അവർക്ക് ക്ഷണികമായ ഭൗതികനേട്ടങ്ങളുണ്ടാക്കാൻ സഹായകമായിരുന്നുവെങ്കിലും ധാർമികവും സാന്മാർഗികവുമായിരുന്നില്ല. അതിനാൽ അധാർമികരും സന്മാർഗഭ്രഷ്ടരുമായ നേതാക്കളെ പിൻപറ്റുന്നവർ ചെന്നെത്തുന്ന ഗർത്തത്തിലേക്കു തന്നെയായി അവരുടെ പ്രയാണം.

**98,99:** قَدَمَയുടെ വർത്തമാന രൂപമാണ് يَقْدُمُ. മറ്റൊന്നിന്റെ മുന്നിലായി എന്നാണ് قَدَمَയുടെ ഭാഷാർഥം. മുന്നേറി, നയിച്ചു, മറ്റേതിനേക്കാൾ മികച്ചുനിന്നു തുടങ്ങിയ അർഥങ്ങളിലും പ്രയോഗമുണ്ട്. يَقْدُمُ قَوْمَهُۥ يَوْمَ ٱلْقِيَٰمَةِ فَأَوْرَدَهُمُ ٱلنَّارَ ۖ വാക്യത്തിന്റെ ആശയം, ഈ ലോകത്ത് ഫറവോന്റെ ശാസനകളനുസരിച്ചു നടക്കുന്നവർക്കു പരലോകത്തും ഫറവോൻ നേതൃത്വം നൽകും, അങ്ങനെ അവർ അവന്റെ പിന്നാലെ നടന്ന് നരകത്തിൽ ചെന്നു പതിക്കും എന്നാവാം. അല്ലെങ്കിൽ ഈ ലോകത്ത് ഫറവോൻ ഇക്കൂട്ടർക്ക് നൽകുന്ന നേതൃത്വത്തിലൂടെ യഥാർഥത്തിൽ ഉയിർത്തെഴുന്നേൽപു നാളിൽ അയാൾ

അവരെ നരകാഗ്നിയിലേക്ക് നയിക്കുകയാണ് എന്നുമാകാം.

ദാഹാർത്തൻ വെള്ളം തേടിപ്പോവുകയും വെള്ളം കുടിക്കാൻ കടവിലിറങ്ങുകയുമാണ് മൗലികമായ അർഥത്തിൽ وِرْد. വെള്ളം, ഉറവിടം എന്നിങ്ങനെ ഈ പദം വ്യത്യസ്ഥമായ അർഥങ്ങളിൽ പ്രയോഗിക്കാറുണ്ട്. وَرَدَയാണ് ഇതിന്റെ ക്രിയാരൂപം. വന്നു, പറഞ്ഞു, ഉദ്ധരിച്ചു എന്നെല്ലാം അതിനർഥമുണ്ട്. وَرَدَ فى الحَديث ഹദീസിൽ പറഞ്ഞു. أورد الحديث ഹദീസ് ഉദ്ധരിച്ചു. ആളുകൾക്ക് കുടിനീർ വിതരണം ചെയ്യുന്നവനെ وارد القوم എന്നുപറയും. ഈ സൂക്തത്തിൽ فَأَوْرَدَهُمُ എന്നു പറഞ്ഞിരിക്കുന്നത് അങ്ങനെ അവൻ അവരെ കൊണ്ടെത്തിച്ചു എന്ന അർഥത്തിലാണ്. തേടി ചെല്ലുന്നവർ പ്രാപിക്കുന്ന സ്ഥലം അഥവാ വെള്ളമാണ് مَوْرُود കൊണ്ടുദ്ദേശ്യം. وَأُتْبِعُوا.........وَيَوْمَ ٱلْقِيَـٰمَةِ എന്നവാക്യം ചെറിയൊരു വ്യത്യാസത്തോടെ നേരത്തെ 60–ാം സൂക്തത്തിൽ വന്നിട്ടുണ്ട്. വിശദീകരണം *ഖുർആൻബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക. فِى هَـٰذِهِۦ (ഇതിൽ) എന്നതുകൊണ്ടുദ്ദേശ്യം ഇഹലോകത്ത് എന്നാണ്. 60–ാം സൂക്തത്തിൽ അത് فِى هَـٰذِهِ ٱلدُّنْيَا (ഈ ഇഹലോകത്ത്) എന്ന് വെളിപ്പെടുത്തി പറഞ്ഞിട്ടുണ്ട്. رفد സമ്മാനമാണ്. സമ്മാനിക്കപ്പെടുന്ന വസ്തുവാണ് مرفود. ഇഹത്തിലും പരത്തിലുമുള്ള അഭിശപ്തതയാണ് ഇവിടെ സമ്മാനമെന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്.

أَوْرَدَهُمُ ٱلنَّارَ–وِرْدُ ٱلْمَوْرُودُ–رِّفْدُ ٱلْمَرْفُودُ എന്നീ വാക്കുകൾ ഫറവോനെപ്പോലുള്ള ദൈവധിക്കാരികളുടെയും അവരെ കണ്ണടച്ചുപിന്തുടരുന്നവരുടെയും നേരെയുള്ള നിശിതമായ പരിഹാസോക്തികൾ കൂടിയാണ്. ദാഹാർത്തർ കുടിനീർ തേടി നടക്കുന്നതുപോലെയാണ് നിത്യസുഖംതേടി ഫറവോനും കൂട്ടരും പ്രവാചക സന്ദേശം തള്ളിക്കളഞ്ഞ് അധർമത്തിന്റെയും അസത്യത്തിന്റെയും പാതയിലൂടെ മുന്നേട്ടു പോയത്. എന്നിട്ട് അവർ ചെന്നെത്തിയതോ, ഭീകരമായി കത്തിക്കാളുന്ന നിത്യനരകത്തിന്റെ കടവിൽ. തങ്ങളുടെ ശക്തിയും സമ്പന്നതയും പ്രതാപവും എക്കാലത്തും ആദരവാലും പ്രശംസയാലും സമ്മാനിതമാകണമെന്നായിരുന്നു അവർ മോഹിച്ചിരുന്നത്. യഥാർഥത്തിൽ അവർക്ക് കിട്ടുന്ന സമ്മാനമോ ഇരുലോകത്തും അവസാനിക്കാത്ത ശാപം. يَقْدُمُ എന്ന വർത്തമാനക്രിയയുടെ പര്യവസാനമായ നരകപ്രാപ്തിയെ اوردهم എന്ന് ഭൂതകാലക്രിയയിൽ പറഞ്ഞത് അവർ നരകത്തിൽ പതിക്കും എന്നത് സംഭവിച്ചു കഴിഞ്ഞ കാര്യമെന്നപോലെ ഉറപ്പാണെന്ന് സൂചിപ്പിക്കുന്നു.

**100:** ഇവിടം മുതൽ, ഈ സൂറയിൽ ഇതുവരെ പ്രസ്താവിച്ച പ്രവാചക ചരിത്രങ്ങളിൽനിന്ന് പ്രവാചകനും വിശ്വാസികളും അവിശ്വാസികളും പഠിക്കേണ്ട പാഠങ്ങൾ എടുത്തുപറയുകയാണ്. أَنۢبَآءِ ٱلْقُرَىٰ നാടുകളുടെ വർത്തമാനങ്ങൾ എന്നതുകൊണ്ട് വിവക്ഷ മുൻചൊന്ന കഥകളാണ്. നാം നിനക്ക് പറഞ്ഞുതരുന്ന نَقُصُّهُۥ عَلَيْكَ എന്നു പറഞ്ഞതിന്റെ താൽപര്യം ഈ കഥകൾ പ്രവാചകനെമാത്രം കേൾപ്പിക്കുന്നു എന്നല്ല; പ്രവാചകൻ മുഖേന സമൂഹത്തെ മുഴുവൻ കേൾപ്പിക്കുന്നു എന്നാണ്. പ്രവാചകനും വിശ്വാസികൾക്കുമെല്ലാം അതിൽ വിലപ്പെട്ട പാഠങ്ങളുണ്ട്; വരുന്ന 120–ാം സൂക്തത്തിൽ അക്കാര്യം വ്യക്തമായിത്തന്നെ പ്രസ്താവിച്ചിരിക്കുന്നു.

പ്രസ്തുത നാടുകളിൽ ഇപ്പോഴും നിലനിൽക്കുന്നതും നശിച്ചു പോയതും ഉണ്ട്. مِنْهَا قَآئِمٌ وَحَصِيدٌ എന്നു പറഞ്ഞതിന്റെ താൽപര്യമിതാണ്: അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയതിനെ തുടർന്ന് ഈ നാടുകളിൽ ചിലതിലെ പൗരാണിക ജനതയും സംസ്കാരവും നശിച്ചു മണ്ണടിഞ്ഞു പോയെങ്കിലും ആ നാടുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നൂഹ് നബിയുടെ ജനത പാർത്തിരുന്ന ബാബിലോൺ പ്രദേശവും ഫറവോനും കൂട്ടരും വാണിരുന്ന ഈജിപ്തും അതിനുദാഹരണമാണ്. മറ്റു ചില നാടുകളാവട്ടെ അതിലെ നിവാസികളോടൊപ്പം അതിന്റെ വാസയോഗ്യതയും ഫലഭൂയിഷ്ടിയും കൂടി നശിച്ചുപോയി. ഹൂദ്, ലൂത്ത് പ്രവാചകന്മാരുടെ ജനതകൾ വസിച്ചിരുന്ന പ്രദേശങ്ങൾ അതിനുദാഹരണങ്ങളാകുന്നു. അവയിൽ ചിലത് നേരത്തെ മനുഷ്യവാസമുണ്ടായിരുന്നുവെന്ന് വിശ്വസിക്കാനാവാത്തവണ്ണം നിർജനവും നിർജലവും നിശ്ശൂന്യവുമായിരിക്കുന്നു. حصيد ആണ് മൂലപദം. കൊയ്തെടുക്കപ്പെട്ട വിളയാണ് حصيد. ആ നാടുകളെ സംബന്ധിച്ചേടത്തോളം ജീവനും വികസനവും നാഗരികതയുമെല്ലാം കൊയ്തെടുക്കപ്പെട്ട വിളകൾ പോലെയായി എന്ന് സൂചിപ്പിക്കുന്നതാണീ പദപ്രയോഗം. അന്ധമായ ധർമനിഷേധത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ ഈ രണ്ടുവിഭാഗം നാടുകളിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെടുകയായിരിക്കും നിങ്ങളുടെയും ഗതി എന്ന് ഖുറൈശികളെ ഉണർത്താനാണ് ഇതിവിടെ അനുസ്മരിക്കുന്നത്. പ്രവാചകാഗമനത്തിനുശേഷം ഒരു സമൂഹം ഒട്ടും വീണ്ടെടുക്കപ്പെടുന്നില്ലെങ്കിൽ അവർ നാശത്തിലാണ്ടു പോവുക അനിവാര്യമാകുന്നു. ■